ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) വിദ്യാഭ്യാസ സമ്പ്രദായം ആധുനികവൽക്കരിക്കാനും പഠനം വിദ്യാർത്ഥി കേന്ദ്രീകൃതമാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ.

Union Minister Dharmendra Pradhan stated that the government is committed to modernizing the education system and making learning student-centric.

2) രാജ്യത്ത് പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ.

New GST Rates to Come into Effect Nationwide from Monday.

3) കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ രണ്ടു ദിവസത്തെ UAE സന്ദർശനത്തിനു തുടക്കമായി.

Union Commerce and Industry Minister Piyush Goyal Begins Two-Day Visit to UAE.

4) **കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ തിരുവനന്തപുരത്ത് നടക്കുന്ന ബ്ലൂ ടൈഡ്സ് കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.**

**CM Pinarayi Vijayan to Inaugurate Blue Tides Conclave in Thiruvananthapuram Today.**

5) **ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ശ്രീലങ്ക ഗ്രൂപ്പ് ബി ജേതാക്കൾ; അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഒമാനെ നേരിടും.**

**Sri Lanka Tops Group B in Asia Cup T20; India to Face Oman in Final Group Match Today..**

**DHARMENDRA - NEP 2020**

ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നത് സംബന്ധിച്ച അവലോകന യോഗം കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാന്റെ അധ്യക്ഷതയിൽ ചേർന്നു. വിദ്യാഭ്യാസ സമ്പ്രദായം ആധുനികവൽക്കരിക്കാനും പഠനം കൂടുതൽ സന്തോഷകരവും വിദ്യാർത്ഥി കേന്ദ്രീകൃതവുമാക്കാനും മന്ത്രാലയം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. വികസിത സമൃദ്ധ ഭാരതത്തിന്റെ ചാലകശക്തികൾ കുട്ടികളാണെന്നും

അവർക്ക് ലോകോത്തര വിദ്യാഭ്യാസം ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

## GST REFORMS AUTO

രാജ്യത്ത് പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ. ഇരുചക്ര വാഹനങ്ങളുടെയും ചെറുകാറുകളുടെയും നികുതി നിരക്ക് കുറച്ചത് സാധാരണക്കാർക്ക് വലിയ ആശ്വാസമായി. 350 സിസി വരെയുള്ള ഇരുചക്ര വാഹനങ്ങളുടെയും ചെറു കാറുകളുടെയും GST 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായാണ് കുറച്ചത്. വാഹന മേഖലയെ ഉത്തേജിപ്പിക്കാൻ ഈ പരിഷ്കാരങ്ങൾ കാരണമാകുമെന്നും രാജ്യത്തിന്റെ വളർച്ചാ വേഗത വർധിക്കുമെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി.

## GST-ADVISORY

പുതുക്കിയ GST നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതിന് മുന്നോടിയായി ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം ഉൽപാദകർക്കും, ഇറക്കുമതിക്കാർക്കും, വിതരണക്കാർക്കുമായി മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ മാസം 22-ന് മുമ്പ് നിർമ്മിച്ച, ഇനിയും വിൽക്കാനുള്ള ഉൽപ്പന്നങ്ങളിൽ പുതുക്കിയ വില സ്റ്റിക്കറുകൾ പതിപ്പിക്കണം. അതേസമയം പാക്കേജിൽ നേരത്തേ ഉള്ള

പഴയ MRP വ്യക്തമായിരിക്കുകയും വേണം. GST പരിഷ്കരണത്തിന് മുമ്പ് അച്ചടിച്ച പഴയ പാക്കേജിംഗ് മെറ്റീരിയലോ റാപ്പറുകളോ 2026 മാർച്ച് വരെ ഉപയോഗിക്കാമെന്നും പുതുക്കിയ നിർദ്ദേശത്തിൽ പറയുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## SEVA PARV- WOMEN EMPOWERMENT ( INTRO )

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ സ്ത്രീശാക്തീകരണത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങളാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

***( വോയിസ്...നരേന്ദ്ര മോഹൻ )***
***( മ്യൂസിക്***

❁❁❁❁❁❁❁❁❁❁❁❁❁

## SEVA PARV- WOMEN EMPOWERMENT (VOICE )

സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലുടനീളം സ്ത്രീ ശാക്തീകരണത്തിനായി സമഗ്ര ചട്ടക്കൂടിന് കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഭരണഘടനാപരമായ സുരക്ഷ, അക്രമത്തിനും വിവേചനത്തിനും എതിരായ നിയമങ്ങൾ, പരിവർത്തന പദ്ധതികൾ എന്നിവ കൂടാതെ സ്ത്രീകൾ നയിക്കുന്ന വികസനത്തിലേക്കാണ് രാജ്യം ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. 2024

ഡിസംബറിൽ ഹരിയാനയിൽ ബീമ സഖി പദ്ധതി ആരംഭിക്കവെ, സ്ത്രീമുന്നേറ്റത്തെ കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞ വാക്കുകളിലേക്ക്...

( വോയിസ് പ്രധാനമന്ത്രി )

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതി രാജ്യത്ത് പ്രതീക്ഷിച്ച ഫലം നൽകിയതായാണ് വിലയിരുത്തൽ. 2015 ജനുവരിയിൽ ആരംഭിച്ച സുകന്യ സമൃദ്ധി യോജന ദശലക്ഷക്കണക്കിന് പെൺകുട്ടികൾക്ക് സഹായകരമായി. സ്വയം സഹായ സംഘങ്ങളിലൂടെ സ്ത്രീകൾക്ക് പ്രതിവർഷം കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും വരുമാനം നേടാൻ സഹായിക്കുന്ന ലഖ്പതി ദീദി സംരംഭവും സർക്കാർ നടപ്പിലാക്കുന്നു.

ന്യൂസ്ഡെസ്ക് ആകാശവാണി.....

❋❋❋❋❋❋❋❋❋❋❋❋❋

**BLUE TIDES**

കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ കേരളത്തിൽ, ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന ബ്ലൂ ടൈഡ്സ് കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും.

❋❋❋❋❋❋❋❋❋❋❋❋❋

**GLOBAL AYYAPPA SANGAMAM**

തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പമ്പയിൽ നാളെ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 16 രാജ്യങ്ങളിൽ നിന്നായി 3,000 -ത്തോളം പ്രതിനിധികൾ പങ്കെടുക്കും. അയ്യപ്പ സംഗമത്തിലൂടെ ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമാക്കുകയാണ് ലക്ഷ്യമിടുന്നത്.

## ASSEMBLY

കേരള നിയമ സഭാ സമ്മേളനം തുടരുന്നു. ഇന്ന് വിവിധ ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ സഭ പരിഗണിക്കും. 2024 ലെ കേരള സ്ത്രീ സൗഹൃദ തൊഴിലിടവത്കരണം ബിൽ, തെരുവോര പുനരധിവാസ ബിൽ തുടങ്ങിയവയാണ് ഇവ.

## PM BIRTHDAY SONG

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75-ാം ജന്മദിനത്തോടനുബന്ധിച്ച് മലയാളത്തിൽ ആശംസാ ഗാനം പുറത്തിറങ്ങി. കൈലാസ് മേനോനാണ് സംഗീതസംവിധായകൻ. വൈഷ്ണവ് ഗിരീഷ്, ശ്രുതി ശിവദാസ് എന്നിവരാണ് ആലപിച്ചത്. നമോ 75 എന്നു പേരിട്ടിരിക്കുന്ന ഗാനരംഗത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ചലച്ചിത്ര താരങ്ങളായ ശോഭന, മേനക സുരേഷ്, വിവേക് ഗോപൻ തുടങ്ങിയവർ ആശംസയർപ്പിക്കുന്നു.

## VAISHNAW-AI (INTRO)

ഡിജിറ്റൽ വ്യക്തിവിവര സംരക്ഷണ ചട്ടങ്ങൾ അന്തിമമാക്കിയെന്നും വരുംദിവസങ്ങളിൽ പ്രസിദ്ധീകരിക്കുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഇന്ത്യ എഐ ഇംപാക്റ്റ് ഉച്ചകോടി 2026 ന്റെ ലോഗോ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. അഞ്ഞൂറിലധികം ഡാറ്റ, എഐ ലാബുകളുടെ വിപുലീകരണം സമഗ്ര വളർച്ചയ്ക്കും ജനാധിപത്യവൽക്കരിച്ച സാങ്കേതികവിദ്യയ്ക്കും ഈ മേഖലയിലെ ആഗോള നേതൃത്വത്തിനും വഴിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

**( വോയിസ്.....അശ്വിനി വൈഷ്ണവ്)**

## CYPRUS-INDIA MOU

ഉഭയകക്ഷി സാമ്പത്തിക, വ്യാപാര, നിക്ഷേപ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സൈപ്രസിൽ നിന്നുള്ള ഉന്നതതല പ്രതിനിധി സംഘം ഇന്ത്യ സന്ദർശിച്ചു. സന്ദർശന വേളയിൽ, മുംബൈയിലെ വേൾഡ് ട്രേഡ് സെന്ററുമായി സൈപ്രസ് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. അടുത്ത മാസം നടക്കാനിരിക്കുന്ന ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര ചർച്ചകൾ ഇന്ത്യയും സൈപ്രസും തമ്മിലുള്ള ബന്ധം കൂടുതൽ

ശക്തിപ്പെടുത്തുമെന്ന് ചടങ്ങിൽ സംസാരിച്ച ഇന്ത്യയിലെ സൈപ്രസ് ഹൈക്കമ്മീഷണർ പറഞ്ഞു.

## LAKSHADWEEK FISHERIES

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം നാളെ കൊച്ചിയിൽ സംഘടിപ്പിക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ പങ്കെടുക്കും. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മൽസ്യങ്ങൾ എന്നീ മേഖലകളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക.

## SWASTH NAARI, SHASHAKTH PARIVAAR CAMPAIGN

ലക്ഷദ്വീപിലെ വിവിധ ദ്വീപുകളിൽ, സ്വസ്ഥ് നാരി, സശക്ത് പരിവാർ ക്യാമ്പയിൻ ആരംഭിച്ചു. കവരത്തി സെക്രട്ടറിയേറ്റിൽ സംഘടിപ്പിച്ച ബോധ വൽക്കരണ പരിപാടി ആരോഗ്യ മന്ത്രാലയ ഡയറക്ടർ പ്രിയ രഹിക ഉദ്ഘാടനം ചെയ്തു. ലക്ഷദ്വീപ് ആരോഗ്യ വകുപ്പ് സെക്രട്ടറി അവനേഷ് കുമാർ സന്നിഹിതനായിരുന്നു. ഗാന്ധി ജയന്തി ദിനം വരെ നീണ്ട് നിൽക്കുന്ന കാമ്പയിനിൽ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ പരിരക്ഷ, പോഷകാഹാര ക്രമങ്ങൾ തുടങ്ങിയ മെച്ചപ്പെടുത്തുന്ന പരിപാടികൾ സംഘടിപ്പിക്കും.

❋❋❋❋❋❋❋❋❋❋❋❋❋

## CHAMPAINS LEAGUE

ഇക്കൊല്ലത്തെ ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളിക്ക് ഇന്ന് കുട്ടനാട്ടിലെ കൈനകരിയിൽ തുടക്കം. മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വള്ളംകളിയോടനുബന്ധിച്ച് കൈനകരി ഗ്രാമപഞ്ചായത്തിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് പ്രാദേശിക അവധിയാണ്. പൊതു പരീക്ഷകൾ മുൻ നിശ്ചയിച്ച പ്രകാരം നടക്കും.

❋❋❋❋❋❋❋❋❋❋❋❋❋

## ASIA CUP

ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിലെ നിർണായക മത്സരത്തിൽ അഫ്ഗാനിസ്ഥാനെ ആറുവിക്കറ്റിന് തോൽപ്പിച്ച് ശ്രീലങ്ക ഗ്രൂപ്പ് ബി ജേതാക്കളായി. മൂന്നു കളിയും ജയിച്ച ശ്രീലങ്കയും രണ്ടു ജയവുമായി ബംഗ്ലാദേശും സൂപ്പർ ഫോറിലെത്തിയപ്പോൾ അഫ്ഗാനിസ്ഥാൻ പുറത്തായി. എ ഗ്രൂപ്പിൽനിന്ന് ഇന്ത്യയും പാകിസ്ഥാനും സൂപ്പർ ഫോറിലെത്തി. ഗ്രൂപ്പിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് ഒമാനെ നേരിടും.

❋❋❋❋❋❋❋❋❋❋❋❋❋

## PIYUSH GOYAL-UAE ( INTRO )

കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ രണ്ടു ദിവസത്തെ UAE സന്ദർശനത്തിനു തുടക്കമായി.

വ്യാപാര, നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുക, വിദ്യാഭ്യാസം, സാങ്കേതികവിദ്യ തുടങ്ങിയവയിലെ സഹകരണം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

ഇന്ത്യ-യുഎഇ ഹൈ-ലെവൽ ജോയിന്റ് ടാസ്ക് ഫോഴ്സ് യോഗത്തിൽ ശ്രീ ഗോയൽ അധ്യക്ഷത വഹിച്ചു. ദുബായ് എക്സ്പോ സൈറ്റിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡ് കാമ്പസ് സ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു. 2027 ഓടെ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്നും അദ്ദേഹം പറഞ്ഞു. ( വോയിസ്...പീയുഷ് ഗോയൽ )

❁❁❁❁❁❁❁❁❁❁❁❁❁

**DGCA–CHARDHAM**

മൺസൂൺ ഇടവേളയ്ക്ക് ശേഷം ഛാർധാം യാത്രയ്ക്കായി ഹെലികോപ്റ്റർ സേവനം പുനരാരംഭിക്കുന്നതിന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ അനുമതി. സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി സിവിൽ വ്യോമയാന മന്ത്രാലയം അറിയിച്ചു. കേന്ദ്രമന്ത്രി റാംമോഹൻ നായിഡു ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി അവലോകന യോഗങ്ങൾ നടത്തി സ്ഥിതിഗതികൾ വിലയിരുത്തി.

❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁